# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 738 — 11.03.2015 - ൽ മറുപടിയ്ക്ക്

## മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയില്ലാത്ത ഏക താലൂക്ക് ആശുപത്രി എന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായി തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (എ) & (ബി) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാഷ്വാലിറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിവിധ പി.എച്ച്.സി. കളിലും സി.എച്ച്.സി. കളിലും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലുമായി ധാരാളം പോസ്റ്റുകൾ ആശുപത്രികളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിരുന്നു. വീണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെ ന്നതിനാൽ , ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്തുത വാഗ്ദാനം നടപ്പാക്കാനായില്ല. ജോലിഭാരം കുറഞ്ഞ ആശുപത്രികളിൽ നിന്നും അവിടുത്തെ ഒ.പി. / ഐ.പി. ആവശ്യകത വിലയിരുത്തിയ ശേഷം താലൂക്ക് ആശുപത്രികളിലേയ്ക്ക് ഡോക്ടർമാരുടെ കഴിയുന്നത്ര തസ്തികകൾ റീ-ഡിപ്ലോയ് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ